# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 5

# വാർത്താക്കുറിപ്പ്

**നൊബേൽ സമ്മാന ജേതാവ് എം.ജി.യിൽ; സ്കൂൾ-കോളജ് വിദ്യാർഥികളോട് സംവദിച്ചു**

## രോഗാണു സവിശേഷമായ ആന്റീബയോട്ടിക്കുകൾ നിർമിക്കണം: പ്രൊഫ. അദ ഇ. യോനാത്

രോഗാണു സവിശേഷമായ ആന്റീ ബയോട്ടിക്കുകൾ നിർമിക്കണമെന്ന് രസതന്ത്ര നൊബേൽ സമ്മാന ജേതാവും പ്രശസ്ത ശാസ്ത്രജ്ഞയുമായ പ്രൊഫ . അദ ഇ . യോനാത് പറഞ്ഞു . മഹാത്മാഗാന്ധി സർവകലാശാല കാമ്പസിൽ ജ്ഞാനപ്രഭാഷണം നടത്തുകയായിരുന്നു അവർ . ആന്റീബയോട്ടിക്കുകൾക്കെതിരേ ബാക്ടീരിയകൾ നടത്തുന്ന ചെറുത്തുനിൽപ്പാണ് ആധുനിക വൈദ്യശാസ്ത്രം നേരിടുന്ന പ്രധാനവെല്ലുവിളി . രോഗാണുക്കളുടെ സവിശേഷതയ്ക്കനുസരിച്ചുള്ള ആന്റീബയോട്ടിക്കുകൾ നിർമിക്കുകയാണ് ഇതിനെ ചെറുക്കാനുള്ള മാർഗം . ആന്റീബയോട്ടിക്കുകളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യമാണുള്ളത്. രാസപരമായോ ജൈ വപരമായോ തകർക്കപ്പെടാവുന്ന ആന്റീബയോട്ടിക്കുകൾ നിർമിക്കണമെന്നും അദ പറഞ്ഞു.

സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെ സ് കൂൾ ഓഫ് കെമിക്കൽ സയൻസസ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് അധ്യക്ഷത വഹിച്ചു . രാവിലെ സ് കൂൾ വിദ്യാർഥികളോട് സംവദിച്ചു . പ്രോട്ടീനുകളുടെ പ്രവർത്തനത്തെക്കുറിച്ചും റൈബോസോമുകളുടെ ഘടനയെക്കുറിച്ചും വിവരിച്ചു . ജനറ്റിക് എൻജിനീയറിങ്, ആധുനിക ശാസ്ത്രത്തിന്റെ ഗുണങ്ങൾ അടക്കം വിദ്യാർഥികൾ ഉന്നയിച്ച നിരവധി ചോദ്യങ്ങൾക്ക് മറുപടി നൽകി.

ജനറ്റിക് എൻജിനീയറിങ് ചി കിത്സാരംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിതെളിക്കുമെന്ന് അദ പറഞ്ഞു. 90 വയസിനുമുകളിലേക്ക് ആയുർദൈർഘ്യം ഉയർന്നത് ആധുനികശാസ്ത്രത്തിന്റെ ഗുണമാണെന്നും സൂചിപ്പിച്ചു. ശാസ്ത്രപരീക്ഷണങ്ങൾക്ക് തന്റെ ചെറുമകൾ നോവ നൽകുന്ന പ്രോത്സാഹനം ചൂണ്ടിക്കാട്ടി സരസമായി സംസാരിച്ച അദ സ് കൂൾ വിദ്യാർഥികൾക്കൊപ്പം ഫോട്ടോയ്ക്ക് പോസ് ചെയ്യാനും മറന്നില്ല . ഉച്ചകഴിഞ്ഞ് കോളജ് വിദ്യാർഥികളുമായും അധ്യാപകരുമായും സംവദിച്ചു . സർവകലാശാലയ്ക്കുവേണ്ടി വൈസ് ചാൻസലർ പൊന്നാടയണിയിച്ച് ആദരിച്ചു . ഉപഹാരം നൽകി . ജ്ഞാനപ്രഭാഷക പദവി സർട്ടിഫിക്കറ്റ് കൈമാറി. ഇന്ന്(ഫെബ്രുവരി 6) രാവിലെ 10.30ന് കോട്ടയം പ്രസ് ക്ലബിൽ മാധ്യമപ്രവർത്തകരുമായി കൂടിക്കാഴ്ച നടത്തും . തുടർന്ന് പ്രഭാഷണം നടത്തും . വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് , ഐ.ഐ.യു.സി.എൻ.എൻ. ഡയറക്ടർ ഡോ . നന്ദകുമാർ കളരിക്കൽ , പ്രസ് ക്ലബ്ബ് പ്രസിഡന്റ് സാനു ജോർജ് തോമസ് , സെക്രട്ടറി സനിൽകുമാർ എന്നിവർ പങ്കെടുക്കും . കോളജ് വിദ്യാർഥികൾക്ക് പരിപാടിയിൽ പങ്കെടുക്കാം.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയിൽ പ്രഭാഷണത്തിനെത്തിയ നൊബേൽ സമ്മാന ജേതാവ് പ്രൊഫ. അദ ഇ. യോനാതിനെ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പൊന്നാടയണിയിച്ച് ആദരിച്ചപ്പോൾ.**

**മഹാത്മാഗാന്ധി സർവകലാശാലയിൽ നൊബേൽ സമ്മാന ജേതാവ് പ്രൊഫ. അദ ഇ. യോനാത് പ്രഭാഷണം നടത്തുന്നു.**

**മഹാത്മാഗാന്ധി സർവകലാശാലയിൽ പ്രഭാഷണത്തിനെത്തിയ നൊബേൽ സമ്മാന ജേതാവ് പ്രൊഫ. അദ ഇ. യോനാത് സ്കൂൾ വിദ്യാർഥികളുമായി സംവദിച്ചശേഷം ഫോട്ടോയ്ക്ക് പോസ് ചെയ്യുന്നപ്പോൾ.**

(പി.ആർ.ഒ./39/217/2019)

## അധ്യാപക സംഘടന പ്രതിനിധി യോഗം 11ന്

മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ഗവൺമെന്റ് , സ്വകാര്യ എയ്ഡഡ് കോളജുകളിലെ എച്ച് .ഒ.ഡി. തസ്തിക റൊട്ടേഷ ൻ രീതിയിലാക്കുന്നതു സംബന്ധി ച്ച് ചർച്ചചെയ്യാനായി അധ്യാപക സംഘടന പ്രതിനിധികളുടെ യോഗം ഫെബ്രുവരി 11ന് സർവകലാശാലയിൽ നടക്കും . രാവിലെ 11ന് വൈസ്ചാൻസലറുടെ കോൺഫറൻസ് ഹാളിൽ നടക്കുന്ന യോഗത്തിൽ ഗവ ./സ്വകാര്യ എയ്ഡഡ് കോളജ് അധ്യാപക സംഘടന പ്രതിനിധികൾ പങ്കെടുക്കണമെന്ന് ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാദമിക്) അറിയിച്ചു.

(പി.ആർ.ഒ./39/218/2019)

## പരീക്ഷ മാറ്റി

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ഇന്നു (ഫെബ്രുവരി 6) നടത്താനിരുന്ന എം.എഡ്. ഡിഗ്രി മൂന്നാംസെമസ്റ്റർ (2017-19) ടീച്ചിങ്, റിസർച്ച്, ഇന്നവേഷൻസ് ആൻഡ് ഇഷ്യൂസ് ഇൻ ടീച്ചർ എഡ്യൂക്കേഷൻ (എസ്.പി.എസ്. 511) പരീക്ഷ ഫെബ്രുവരി 20 ലേക്ക് മാറ്റി.

(പി.ആർ.ഒ./39/219/2019)

## പ്രാക്ടിക്കൽ

2018 ഡിസംബറിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജിൽ നടത്തിയ ബി.എ. ഒന്നാംസെമസ്റ്റർ മ്യൂസിക് മൃദംഗം സി .ബി.സി.എസ്.(2018 അഡ്മിഷൻ റഗുലർ /2017 അഡ്മിഷൻ റീ അപ്പിയറൻസ് ), സി.ബി.സി.എസ്.എസ്.(2013-2016 അഡ്മിഷൻ റീ അപ്പിയറൻസ് /സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 12, 13 തീയതികളിൽ ആർ.എൽ.വി. കോളജിൽ നടക്കും.

(പി.ആർ.ഒ./39/220/2019)

2018 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം .എസ്‌സി. ബോട്ടണി (സി.എസ്.എസ്. റഗുലർ/റീ അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 12 മുതൽ 15 വരെ അതത് കോളജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/221/2019)

## എക്സാമിനർ സമിതി യോഗം

മൂന്നാം സെമസ്റ്റർ എം .എസ്‌സി. ബോട്ടണി (സി.എസ്.എസ്. റഗുലർ/റീ അപ്പിയറൻസ് ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയുടെ എക് സാമിനർ സമിതി യോഗം ഫെബ്രുവരി ഏഴിന് രാവിലെ 11ന് സർവകലാശാലയിലെ 201-ാം നമ്പർ മുറിയിൽ നടക്കും.

(പി.ആർ.ഒ./39/222/2019)

## പരീക്ഷഫലം

2018 ഏപ്രിലിൽ നടന്ന എം .ടെക് നാലാം സെമസ്റ്റർ (റഗുലർ, സപ്ലിമെന്ററി, മേഴ്സി ചാൻസ് ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . നാലാംസെമസ്റ്റർ വിജയിച്ച സപ്ലിമെന്ററി , മേഴ്സി ചാൻസ് വിദ്യാർഥികൾ കൺസോളിഡേഷന് അപേക്ഷിക്കണം.

(പി.ആർ.ഒ./39/223/2019)

2018 മേയിൽ നടന്ന മൂന്നാം സെമസ്റ്റർ എം .എസ്‌സി. കമ്പ്യൂട്ടർ എൻജിനീയറിങ് ആൻഡ് നെറ്റ്‌വർക് ടെക് നോളജി ഡിഗ്രി പ രീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 19 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/224/2019)

2018 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ എം .എസ്‌സി. കമ്പ്യൂട്ടർ എൻജിനീയറിങ് ആൻഡ് നെറ്റ്‌വർക് ടെക് നോളജി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 19 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/225/2019)

2018 ഏപ്രിൽ/മെയിൽ നടന്ന എം .എസ്‌സി. മാത്തമാറ്റിക്സ്(ഓഫ് കാമ്പസ് - സപ്ലിമെന്ററി/മേഴ്സി ചാൻസ് - സെമസ്റ്റർ ഒന്നു മുതൽ നാലുവരെ ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/226/2019)

2018 ഏപ്രിലിൽ നടന്ന ഒന്നാംവർഷ ബി .ഫാം (സപ്ലിമെന്ററി-പഴയ, പുതിയ സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 13 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/227/2019)

## പ്രൈവറ്റ് രജിസ്ട്രേഷൻ;
## അപേക്ഷിക്കാൻ അവസരം

2018-19 അക്കാദമിക വർഷത്തെ ബിരുദ /ബിരുദാനന്തര കോഴ്സുകളുടെ പ്രൈവറ്റ് രജിസ് ട്രേഷന് 3000 രൂപ സൂപ്പർ ഫൈനോടെ അപേക്ഷിക്കാൻ അവസരം . ബിരുദ/ബിരുദാനന്തര ഫുൾ കോഴ്സുകൾക്ക് ഓൺലൈനായും ഫുൾ കോഴ് സ് ഇതര കോഴ് സുകൾക്ക് ഓഫ്‌ലൈനായും ഫെബ്രുവരി 12 മുതൽ 14 വരെ അപേക്ഷിക്കാം. അപേക്ഷയും അനുബന്ധ രേഖകളും ഫെബ്രുവരി 16നകം പ്രൈവറ്റ് രജിസ് ട്രേഷൻ വിഭാഗത്തിലെ ഏട്ടാം നമ്പർ മുറിയിൽ എത്തിക്കണം . വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ. ഫോൺ: 0481 2733365, 2733455, 2733427, 2731020.

(പി.ആർ.ഒ./39/228/2019)

## എം.ജി. സർവകലാശാലയിലെ
## ഗവേഷകർക്ക് അവാർഡ്

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടത്തിയ 31-ാമത് കേരള ശാസ്ത്ര കോൺഗ്രസിൽ എൻജിനീയറിങ് ആൻഡ് ടെക് നോളജി, ബയോടെക്നോളജി വിഭാഗത്തിലെ മികച്ച പേപ്പറിനുള്ള അവാർഡ് മഹാത്മാഗാന്ധി സർവകലാശാലയിലെ ഗവേഷകർക്ക്. എൻജിനീയറിങ് ആൻഡ് ടെക്നോളജി വിഭാഗത്തിൽ നാനോസയൻസ് കേന്ദ്രത്തിലെ ഗവേഷകനായ അവിനാശ് ആ . പൈയും ബയോടെക്നോളജി വിഭാഗത്തിൽ സ് കൂൾ ഓഫ് ബയോസയൻസസിലെ ഗവേഷകയായ അശ്വതി

ജയകുമാറുമാണ് അവാർഡിന് അർഹരായത് . പതിനായിരം രൂപയും ഒരുവർഷത്തെ ഗവേഷണ ഗ്രാന്റായ ഒരു ലക്ഷം രൂപയും അടങ്ങുന്നതാണ് പുരസ്കാരം.

(പി.ആർ.ഒ./39/229/2019)

## തീയതി നീട്ടി

എം.എ. മൂന്നും നാലും സെമസ്റ്റർ ഇംഗ്ലീഷ് സപ്ലിമെന്ററി (പ്രൈവറ്റ്) പരീക്ഷയ്ക്ക് പിഴയില്ലാതെ ഫെബ്രുവരി ആറു വരെയും 500 രൂപ പിഴയോടെ ഫെബ്രുവരി ഏഴുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി എട്ടുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/230/2019)

നാലാംസെമസ്റ്റർ യു .ജി.(2017 അഡ്മിഷൻ സി .ബി.സി.എസ്. റഗുലർ) പരീക്ഷയ്ക്ക് പിഴയില്ലാതെ ഫെബ്രുവരി എട്ടുവരെ ഓൺലൈനായി രജിസ്ട്രേഷൻ നടത്താം.

(പി.ആർ.ഒ./39/231/2019)

## എം.ഫിൽ പ്രവേശന പരീക്ഷയും ഇന്റർവ്യൂവും

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിലെ 2018-19 എം.ഫിൽ കോഴ്സിലേക്കുള്ള പ്രവേശനപരീക്ഷ ഫെബ്രുവരി 12ന് രാവിലെ 11ന് സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ നടക്കും. ഇന്റർവ്യൂ ഫെബ്രുവരി 13ന് രാവിലെ 10ന് നടക്കും.

(പി.ആർ.ഒ./39/232/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ